# മലർവാടി

കുട്ടികളുടെ ദ്വൈവാരിക

1 ജനുവരി 2020, പുസ്തകം 40, ലക്കം 5





## പുതുവത്സര സന്ദേശം

കൂട്ടുകാരേ....

നാം പുതിയ വർഷത്തിലേക്ക് കടക്കുകയാണ്. ഇതുവരെ നാം കടന്നുപോന്ന ജീവിതത്തിൽ നിന്ന് പുതിയ കാര്യങ്ങൾ മനസ്സിലാക്കാനും അനുഭവങ്ങളിൽ നിന്ന് പഠിക്കാനും നമുക്ക് കഴിയണം. സ്നേഹം, കാരുണ്യം മുതലായവ നല്ല ഗുണങ്ങൾ സ്കൂളിലും വീട്ടിലും മാത്രമല്ല നാം പോകുന്നിടത്തൊക്കെ നമുക്കൊപ്പം ഉണ്ടാകണം.

എല്ല മതങ്ങളും പഠിപ്പിക്കുന്നത് സ്നേഹവും കാരുണ്യവുമാണ്. അയൽക്കാരൻ

▸▸▸




മലർവാടി ബാലമാസികയുടെ
സ്ഥാപകൻ ജമാഅത്തെ ഇസ്‌ലാമി
മുൻ ദേശീയ ഉപാധ്യക്ഷൻ.
വിഷൻ 2016 ന്റെ മുഖ്യശിൽപി.


**പ്രൊഫ: കെ.എ സിദ്ദീഖ് ഹസ്സൻ**



Editor **T.K. Ubaid** Executive Editor **P.A. Nazimudeen** • Sub Editor **Mehd Maqbool**
Layout & Graphics **Alikoya** • Technical Support **Fahis Ali**
Cover **Salim G Road** • e-mail malarvadimag@gmail.com | **www.malarvadi.net**
Circulation Phone 0495 2732555 • Manager Tele 0495 2730073 • e-mail managerprabodhanamclt@gmail.com

പട്ടിണി കിടക്കുമ്പോൾ വയറുനിറച്ച് ഉണ്ണുന്നവൻ നമ്മളിൽ പെട്ടവനല്ല എന്ന് മുഹമ്മദ് നബിയും നിന്നെ പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്ന് യേശുവും ലോകം മുഴുവൻ ഐശ്വര്യമുണ്ടാകട്ടെ എന്ന് ഉപനിഷത്തും അരുൾ ചെയ്തിട്ടുണ്ട്. ഏതു മതത്തിലെയും വിശ്വാസികൾക്ക് മറ്റുള്ളവരോട് ബഹുമാനവും സഹിഷ്ണുതയും പുലർത്താനേ കഴിയൂ. തങ്ങളുടെ സ്വാർഥതക്കായി സാമുദായികതയേയും മതത്തേയും ചട്ടുകമാക്കുന്നവരാണ് അകൽച്ചയും വിദ്വേഷവുമുണ്ടാക്കുന്നത്. അതിനാൽ ദൈവവിശ്വാസത്തിന്റെ യഥാർത്ഥമൂല്യങ്ങൾ ഉൾകൊണ്ട് എല്ലായിടത്തും ശാന്തിപരത്താൻ പരിശ്രമിക്കുക.






നാം ജീവിക്കുന്ന പ്രകൃതിയും ഇപ്പോൾ കൈയേറ്റങ്ങൾ കൊണ്ടും വെട്ടിപിടുത്തങ്ങൾ കൊണ്ടും മോശമായി കൊണ്ടിരിക്കുകയാണ്. ശുദ്ധവായുവും ശുദ്ധജലവും ആരോഗ്യത്തിന് കൂടിയേ തീരൂ. പരിഷ്കാരികളാണെന്ന് കരുതുന്ന നമുക്ക് ഇവയെല്ലാം നഷ്ടമാവുകയാണ്. നമ്മുടെ പരിസരത്തുതന്നെ ചെടികളും മരങ്ങളും വെച്ചുപിടിപ്പിക്കുകയും വീടും സ്കൂളുമൊക്കെ പ്രകൃതിയുടെ പച്ചപ്പുകൊണ്ട് സുന്ദരമാക്കുകയും വേണം.

സ്നേഹവാത്സല്യത്തോടെ പ്രൊ. സിദ്ദീഖ് ഹസ്സൻ

ഏവർക്കും പുതുവത്സരാശംസകൾ

ചക്കര ഇഞ്ചിങ്ങ

***കഥാസാരം:*** രാജകുമാരിക്ക് കലശലായ പനി. കാലിന് നീർവീഴ്ചയും. കൊടും കാട്ടിൽ വളരുന്ന ചക്കര ഇഞ്ചിങ്ങ എന്ന ചെടിയുടെ വേര് ചവച്ചരച്ച് കഴിച്ചാലേ ദീനം മാറൂ എന്ന് കൊട്ടാരം വൈദ്യർ പറഞ്ഞു. ചക്കര ഇഞ്ചിങ്ങ തേടി വൈദ്യരുടെ അസിസ്റ്റന്റ് ജിക്രുവിനെയും സൈനികരായ ഇഞ്ചനെയും ജിഞ്ചനെയും കൊടുംകാട്ടിലേക്ക് പറഞ്ഞയക്കാൻ തീരുമാനിച്ചു. ചക്കര ഇഞ്ചിങ്ങ കൊണ്ടുവന്നാൽ സ്വർണനാണയം സമ്മാനമുണ്ടാകുമെന്നും രാജാവ് പ്രഖ്യാപിച്ചു. അങ്ങനെയവർ ചക്കര ഇഞ്ചിങ്ങയും അന്വേഷിച്ച് കാട്ടിലൂടെയുള്ള യാത്ര തുടങ്ങി. കാട്ടിലവരൊരു അപ്പൂപ്പനെ കണ്ടു. വനത്തിന് നടുവിലെ കുളത്തിലെ വെള്ളം വറ്റിയിരിക്കുന്നതിനാൽ അതിന്റെ കാരണം അന്വേഷിക്കാൻ വന്നതാണ്. അപ്പൂപ്പനെ സഹായിക്കാൻ എല്ലാവരും കൂടി. ഒരു പാറക്കഷ്ണം തടഞ്ഞതുകൊണ്ടാണ് കുളത്തിലേക്ക് വെള്ളമെത്താത്തതെന്ന് അവർ കണ്ടെത്തി.

**മനുഷ്യ ശരീരത്തിലെ ഏറ്റവും വലിയ ജ്ഞാനേന്ദ്രിയം – ത്വക്ക്**